LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ആരംഭിച്ച പുതിയ ബസ്സ് റൂട്ടുകൾ

149 [606] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ പുതുതായി എത്ര റൂട്ടുകൾ ആരംഭിച്ചെന്ന് വ്യക്തമാക്കാമോ ;

(സി) കെ.എസ്.ആർ.ടി.സി.-ക്ക് ഈ കാലയളവിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കാമോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ കാലയളവിൽ ചാർജ്ജ് വർദ്ധനയിലൂടെ ഉണ്ടായ അധിക വരുമാനം എത്ര എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 563 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(ബി, സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

ബേപ്പൂർ മണ്ഡലത്തിൽ അനുവദിക്കാനാവശ്യപ്പെട്ടിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾ

150 [607] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മണ്ഡലത്തിലെ ഏതെല്ലാം റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് ;

(ബി) ഇതിൽ ഏതെങ്കിലും ആവശ്യം അംഗീകരിച്ച് ബസ് അനുവദിച്ചിട്ടുണ്ടോ ;

(സി) മുമ്പ് ഓടിയിരുന്ന ബേപ്പൂർ, കുന്ദമംഗലം, കടലുണ്ടി-കോഴിക്കോട്, പന്തീരാങ്കാവ്, പാലാഴി, മണക്കടവ് എന്നീ ബസ്സുകൾ എന്തുകൊണ്ടാണ് നിർത്തലാക്കിയത് ;

(ഡി) ബേപ്പൂർ മണ്ഡലത്തിന്റെ ആവശ്യം പരിഗണിച്ച് പന്തീരാങ്കാവ്, പാലാഴി, മണക്കടവ്, ബേപ്പൂർ, കടലുണ്ടി മുതലായ റൂട്ടുകളിൽ ബസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജ്-രാമനാട്ടുകര, കോഴിക്കോട് മെഡിക്കൽ കോളേജ്-പന്തീരാങ്കാവ്, കോഴിക്കോട് മെഡിക്കൽ കോളേജ്-പെരുമണ്ണ-രാമനാട്ടുകര എന്നീ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.